# ലേഖനം

ആമുഖം: - കോവിഡ്-19 എന്ന മഹാമാരിയായ വൈറസിനെ തുരത്തിയോടിക്കുവാനായി രാപകൽ അദ്ധ്യാനിക്കുന്ന ആരോഗ്യക്ഷേമ പ്രവർത്തകർക്കും രാഷ്ട്രീയനേതാകൾക്കും സാമൂഹ്യസേവകർക്കും നന്ദിയുടെ ഒരു വാക്ക് പറയുവാനായി ഞാൻ എന്റെ “നന്ദി ഒരായിരം നന്ദി” എന്ന ലേഖനം സ്നേഹപൂർവ്വംസമർപ്പിക്കുന്നു.

മറുമരുന്നില്ലാത്ത മഹാവ്യാധിയായ കോവിഡ്-19 എന്ന വൈറസിനെ തുടച്ചുനീക്കാനായി രാപകലില്ലാതെ അധ്വാനിക്കുന്ന ആരോഗ്യരക്ഷകർ, ഇത് മറ്റുരാൾക്കും പകർത്താതിരിക്കുവാൻ ശ്രദ്ധയോടെ ഇരിക്കുന്ന സന്നദ്ധസേവകർക്കും, ഉലകത്തിനൊക്കെയും ഉയിർ നൽകുവാനായി മരണഭയമില്ലാത്ത ദൈവസ്നേഹം തുളുമ്പുന്ന മനസ്സുകൾക്കൊക്കെയും നന്ദി. “നന്ദി ഒരായിരം നന്ദി”. ആശുപത്രിപടിയിൽ എത്തുന്നവർക്കൊക്കെ ആശയേറും കൈകൾ നീട്ടുന്ന നേഴ്സുമാർക്കും പേടിവേണ്ടന്ന ധൈര്യം പകരുന്ന ദൈവസാമിപ്യമേറുന്ന ഡോക്ടർമാർക്കും, രോഗം പകർത്താത്തൊരന്തരീക്ഷത്തിനായി രാപകൽ വേലചെയ്യുന്ന സ്നേഹിതർക്കും, എവിടെയോ കേൾക്കുന്ന വിളികൾക്ക് കാതോർക്കുന്ന ആംബുലൻസ് ഡ്രൈവർമാർക്കും നന്ദി. രാജ്യം നടുങ്ങുന്ന നേരത്ത് പതറാതെ രാജ്യരക്ഷക്കായി നിലകൊള്ളുന്ന എല്ലാവർക്കും നന്ദി. ശതകോടി ജനങ്ങൾക്ക് ശാന്തിയേകിടുവാനായി ശരവേഗത്തോടെ കരുക്കൾ നീക്കുന്ന ഭരണകൂടത്തിനും, രാജ്യതന്ത്രജ്ഞർക്കും, രാജ്യനേതാക്കൾക്കും, ഗ്രാമനേതാക്കൾക്കും, ധ്രുതകർമ്മസേനയ്ക്കും നന്ദി. കോവിടെന്നൊരു ഭീതിയില്ലാത്ത നാടിനായി ദിനരാത്രികൾ പ്രാർത്ഥിക്കുന്ന മാർപ്പാപ്പയ്ക്കും,

വൈദികസന്യസ്തർക്കും നന്ദി. സർവ്വേശ്വരന്റെ മുമ്പിൽ പ്രാർത്ഥനയാചിച്ചുകൊണ്ടും ഇതുവരെ നമ്മെ സംരക്ഷിച്ച ദൈവകരങ്ങൾക്കും നന്ദിയർപ്പിച്ചുകൊണ്ടും എന്റെ ഈ എളിയ ലേഖനം ഞാൻ സമർപ്പിക്കുന്നു



**Ayush Shiju**

**STD IX C**